## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1759 — 03.05.2017 ൽ മറുപടിയ്ക്ക്

### ന്യായവിലയ്ക്ക് അരി വിതരണം

ചോദ്യം
ശ്രീ.ആർ. രാമചന്ദ്രൻ

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് 2017 വർഷത്തിൽ എത്ര അരി കടകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | 2017 വർഷത്തിൽ സപ്ലൈകോ **28** അരിക്കടകളാണ് തുടങ്ങിയിട്ടുള്ളത്. |
| (ബി) | മാവേലി സ്റ്റോറുകൾ, സൂപ്പർ മാവേലികൾ തുടങ്ങിയ സ്ഥാപനങ്ങളിലൂടെ ജനങ്ങൾക്ക് ന്യായവിലയ്ക്ക് അരി വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | അരിവില നിയന്ത്രിക്കുന്നതിനും അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും, വില വർദ്ധനവ് തടയുന്നതിനുമായി എല്ലാ വിൽപ്പനശാലകളിലും അരി ലഭ്യമാക്കാനുള്ള നടപടിയെടുത്തിട്ടുണ്ട്. ഇതിനു പുറമെ വിവിധ ജില്ലകളിൽ അരിക്കട ഫെയറുകൾ ആരംഭിക്കുകയും, സബ്സിഡി നിരക്കിലും നോൺ സബ്സിഡി നിരക്കിലുമായി എല്ലാത്തരം അരി ഇനങ്ങളും വിതരണം ചെയ്യുന്നുമുണ്ട്. ഇ-പർച്ചേസ് മുഖേന വാങ്ങുന്ന അരി ഇനങ്ങൾക്കു പുറമേ എഫ്.സി.ഐ. ൽ നിന്നും ഇ-ഓക്ഷൻ മുഖേന പുഴക്കലരി, പച്ചരി എന്നിവ സംഭരിക്കുകയും വിൽപ്പന ശാലകൾ വഴി സബ്സിഡി നിരക്കിൽ, യഥാക്രമം 25/-, 23/- രൂപ ക്രമത്തിൽ വിതരണം നടത്തുകയും ചെയ്യുന്നു. ഓയിൽ പാം ഇൻഡ്യയുമായി സഹകരിച്ച് കുട്ടനാടൻ മട്ട അരി 33/- രൂപയ്ക്ക് വിപണനം നടത്തുന്നുണ്ട്. ഇത്തരത്തിൽ എല്ലാ ഇനം അരിയുടേയും ലഭ്യത ഉറപ്പുവരുത്തുകയും ആയവ |

| | | | |
|---|---|---|---|
| | | | സബ്സിഡി നിരക്കിന പുറമേ വിപണിവിലയേക്കാൾ കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും നോൺ സബ്സിഡി നിരക്കിലും വിപണനം ചെയ്യുന്നുണ്ട്. |
| (സി) | അരിക്കടകൾ വഴി പ്രതിമാസം ഒരു കാർഡിന് എത്ര അളവ് ഭക്ഷ്യധാന്യങ്ങൾ എത്ര നിരക്കിൽ വിതരണംചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ? | (സി) | അരിക്കടകൾ വഴി ഒരു റേഷൻ കാർഡിന് പ്രതിമാസം എല്ലാ ഇനവും ഉൾപ്പെടെ 10 കി.ഗ്രാം. അരിയാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നത്. വിതരണ നിരക്ക് അനുബന്ധമായി ചേർക്കുന്നു. കൂടാതെ നോൺ സബ്സിഡി നിരക്കിൽ ആവശ്യാനുസരണം അരിക്കടകൾ വഴി അരി വിൽപ്പന നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | ഇനം | നിരക്ക് (കിലോ ഗ്രാമിന്) |
|---|---|---|
| 1. | പച്ചരി | 23.00 |
| 2. | ജയഅരി & ആന്ധ്ര ഇതര ജയ അരി | 25.00 |
| 3. | കുറുവ അരി & ഒ.എം.എസ്.എസ്. പുഴക്കലരി | 25.00 |
| 4. | മട്ട അരി | 24.00 |

സെക്ഷൻ ഓഫീസർ